

# നിലാവ്

# ***THE SEASON***

The summer,
when all just sweat and like to fly,
The Autumn,
All the dry leaves fly away,
The winter ,
It’s so cold, and freezy
We all feel sleepy and lazy
The spring,
All the flowers which has bloom makes us happy
The spring makes no one gloomy
Is there anyone who doesn’t like good SEASON?

JYOTHI LAKSHMI
BHAMA A.S

## എന്റെ പൂന്തോട്ടം

ഞാനെന്റെ വീടിന്റെ മുറ്റത്തെ തൊടിയിലായ്
നട്ടുവളർത്തിയ പൂന്തോട്ടം
പൂന്തോട്ടത്തിൽ നിറയും പൂക്കൾ
നിറയും പൂവിൻ വർണങ്ങൾ
ഞാനെൻ തൊടിയിൽ ചെന്നീടുമ്പോൾ
നിറയും പൂവിൻ ശലഭങ്ങൾ
പൂവിൽ നിറയും ശലഭങ്ങൾക്ക്
നിറങ്ങളേഴും തെളിയുന്നു
ഞാനെൻ തൊടിയിൽ ചെന്നീടുമ്പോൾ
പൂവിൽ നിറയും ആനന്ദം
ആനന്ദത്തിൽ തൊടിയിൽ ചെന്നാൽ
എന്്റെ മനസ്സിൽ സന്തോഷം
എന്്റെ മനസ്സിൽ കുളിരുകളേകാൻ
പൂന്തോട്ടങ്ങൾ വരവായി
പൂന്തോട്ടത്തിൽ വരവും കാത്ത്
എന്്റെ മനസ്സ് തുറന്നീടും.

SAFRIN

# അമ്മ

സ്നേഹസാന്ത്വനമാണെനിക്കെനൻറെയമ്മ
എൻറെ ജീവനാണെനിക്കെൻറെയമ്മ
എൻറെ പ്രകാശമാണെൻറെയമ്മ
അമ്മയാണെൻറെ ലോകം
അമ്മയാണെനിക്കെല്ലാം
എനിക്ക് അറിവ് പകരുന്ന
വിളക്കാണെൻറെയമ്മ
അമ്മ എനിക്കൊരു സ്വർഗ്ഗമാണ്
തണലാണെനിക്കെൻറെയമ്മ
അമ്മയാണെൻറെ ദൈവം

[നീ വരൂ ...ഞാൻ വരാം....
ഇന്നീ രാവിൽ ഞാൻ വരാം...]2
തേടൂ നീ അന്നു ഞാൻ വരാം...
[ഇന്നു നീ നാളെ ഞാൻ..]2

ആരോടും പറയാതെ
നാളേക്കായ് ,നിനക്കായ്
കരുതാം പൊൻകിനാവുകൾ,
നൽകാം മധുരാനുഭവങ്ങൾ

-ASAL MUSAFFA

# SILENCE

Silence of the darkness
Draw me to its deepness
Silence of the beauty
Adore me with glory
Silence of the oceans
Minstrelled to me a song of peace
Silence of the child
Simplify me to nothing
Silence of the mind
Remind me of its vastness
Silence of the nature
Bury me with garlands of flowers
Silence of the eyes
Speak to me of its insight
Silence of the world
Wake me to a dream
Silence of the heart
Release me to the ultimate
Bliss of the universe.

-HIBA FATHIMA

# അമ്മ

പ്രണയം പ്രകൃതികൊണ്ടുപോയി
സ്നേഹം അവകാശികളും
വാത്സല്യം ഓർമ്മത്തെറ്റുകളായപ്പോൾ
പുറകിൽ വാതിലുകളടഞ്ഞു
നടന്നുപോയത്
ചരിഞ്ഞുവീണ ആകാശം നോക്കി...
ഇരുൾ ഇറങ്ങിവന്നപ്പോൾ കാഴ്ച
നക്ഷത്രങ്ങൾക്ക് കൊടുത്തു
കേൾവി കാറ്റിനും
ശബ്ദം തിരമാലകൾക്കും കൊടുത്തു
ഗന്ധം പൂമരങ്ങൾക്കും
രുചി ജലത്തിനും കൊടുത്തു
ഊഷ്മാവ് വെയിലിനും
ശൈത്യം നിലാവിനും കൊടുത്ത്
പിളരുന്ന ഭൂമിയേയും കാത്ത്...

- NEELANJANA

# പ്ലാസ്റ്റിക്ക്

ഇന്നലെ,
കാഴ്ചയുടെ കാണാപ്പുറങ്ങളിൽ,
ഹരിതമനോഹര ദൃശ്യങ്ങൾ തുടിച്ചിരുന്നു.
തുഷാരബിന്ദുക്കൾ പെയ്തിറങ്ങിയ
സ്വപ്നപ്പക്ഷികൾ താന്തസ്വരത്തിൽ
പാടിയിരുന്ന താവിവാരങ്ങൾ
പ്രതീക്ഷകളെ ഗർഭം ധരിച്ചിരുന്നു.
ഉടഞ്ഞുപോകുമെങ്കിലും
മൺകാത്രങ്ങളായിരുന്നവൻ്റെ ഗൃഹങ്ങളിൽ
കാൺമൂ ഞാൻ,മരുപ്പച്ച
തേടിയലയാത്ത മിഴികളെ.
ഇവിടെ നോക്കു,നാഗരികത
തളംകെട്ടിയ തെരുവോരങ്ങളിൽ.
ചവറ്റുകുട്ടയിൽ,
ആധുനികൻ്റെ മഹത്തായ കണ്ടുപിടുത്തം
"പ്ലാസ്റ്റിക്ക്"
മണ്ണിലുപേക്ഷിച്ചാൽ കഴിയില്ല;
ആദിയിലെ ഒരേകകോശജീവിക്കും
"പ്ലാസ്റ്റിക്കി"നെ മണ്ണിൻ
ഹൃദയതാളമാക്കുവാൻ.
പാശ്ചാത്യപാനീയങ്ങൾ
വിപണിയിൽ കൂത്താടുമ്പോൾ,
പിന്നേയും വഴിയോരങ്ങളിൽ
കുമ്പാരമാകുന്നു "പ്ലാസ്റ്റിക്ക്".
മർത്ത്യൻ നടത്തുന്ന മേളകൾ,

ആഘോഷങ്ങൾ,
ബാക്കിവെക്കുന്നതൊരു
"പ്ലാസ്റ്റിക്ക്" കൂമ്പാരം മാത്രം.
ജലരേഖപോലൊരു നൂറു
ഗുണങ്ങളുണ്ടതിനെന്നറിയുക നീ..
പക്ഷെ,
തീയിലീളുമ്പാൾ,
പുകയിൽ പിറന്നതിലെ
കരാളത; നൽകിയതോ മാറാരോഗങ്ങളും.
ഹേ മർത്ത്യാ...
"പ്ലാസ്റ്റിക്ക്" അവനിയെ ആവരണം
ചെയ്യുമ്പോൾ,
പച്ചപ്പ് ഓർമകളിൽ
ആത്മഹത്യ ചെയ്യും.
കേൾക്കുന്നില്ലയോ പ്രകൃതിതൻ
ദീനരോദനം?
പൊട്ടില്ല, മുളക്കില്ലിനിയൊരു
പുൽക്കൊടിയും.
ഉൾക്കണ്ണുതുറക്കുവാൻ
സമയമനവദിച്ചീടിൽ,തുറക്കുക
നീയായിരുട്ടു പുതയാക്കാത്ത
വാതായനങ്ങൾ ഈ കരാളൻ
നിന്നെ ഗ്രസിക്കും മുൻപ്.

- മുഹ്സിൻ പി.എ

## ജീവിതം

ഒരു കുഞ്ഞു തീനാളത്തിനു
സമാനമെൻ ജീവിതം
തെന്നലിൽ തലോടലെനിക്കു
സൂചനയോ?
കെടാൻ തുടങ്ങിയിട്ടും പിന്നെ
യൊരു ഉയർത്തെഴുന്നേൽപ്പ്
വരും കാലത്തിലെൻ അന്ത്യത്തെ
കുറിക്കുന്നുവോ?
ഒന്നുമറിയാതെ എന്തിനോവേണ്ടി
ആർക്കോ വേണ്ടിയുള്ള പിറവി
തനിക്കു പ്രിയമായവരുടെ
ജനനം മുതൽ മരണം വരെ
നോക്കുകുത്തിയാം ഞാനോ സാക്ഷി
ഒന്നുമാകാതെ എരിഞ്ഞു തീരുമെൻ ജീവിതം
വെള്ളത്തിൽ ചിത്രീകരിച്ച
വരയ്ക്കു സമാനമോ????

HIBA FATHIMA

## യോദ്ധാവ്

പുറത്ത് മഴ കനത്തു പെയ്യുകയാണ്.പണ്ടത്തെ നാലുകെട്ടു മുറികൾ മരക്കെട്ടുകൾ കൊണ്ട് ഉറപ്പുള്ളതിനാൽ പുറത്തെ മഴയുടെ ശക്തി അകത്തെ മുറിയിൽ ഒട്ടും തന്നെ അസ്വസ്ഥതയുണ്ടാക്കിയില്ല.തണുത്ത കാറ്റിൻ്റെ ലാഞ്ചന മറി മുഴുവൻ നിറഞ്ഞിരുന്നു.അതുകൊണ്ടുതന്നെയാകാം തുരക്കാൻ ശ്രമിക്കുന്ന മിഴികൾ താനെ അടഞ്ഞു കൊണ്ടേയിരുന്നു.ഉറക്കത്തിൻ്റെ ഗാഢത മിഴികളുടെ പരിശ്രമത്തെ ദയനീയമായി പരാജയപ്പെടുത്തുകയായിരുന്നു.പക്ഷെ അടുക്കളയിൽ നിന്നും എത്തിയ അമ്മയുടെ നെയ്യ് പുരട്ടിയ ദോശയുടെയും സാമ്പാറിൻറെയും മനം മയക്കുന്ന മണം എൻ്റെ മൂക്കിനെയും

മനസ്സിനെയും ഒരുപോലെ പിടിച്ചു കുലുക്കി.പുതപ്പിൻ്റെ ആവരണത്തെ വലിച്ചുമാറ്റിക്കൊണ്ട് ഞാൻ അടുക്കളയിലേക്ക് ഓടി.പൂർണ്ണചന്ദ്രനെ പോലെ എന്നെ നോക്കി ചിരിച്ചു കൊണ്ട് തട്ടിൽ മൊരിയുന്ന ദോശ എൻ്റെ വായിൽ ഒരു കടലോളം വെള്ളമുണ്ടാക്കി.ആർത്തിയോടെ അമ്മയുണ്ടാക്കി വെച്ച ദോശയിൽ കൈ കടത്തവേ അമ്മയുടെ വാത്സല്യമാർന്ന ഒരു നുള്ള് കിട്ടി.കുട്ടൂ..അങ്ങനെയൊന്നും വാരിക്കഴിക്കാതെ നീ പോയി പല്ലു തേക്കു.പുറത്ത് വരാന്തയിൽ ഒരു പാത്രത്തിൽ ഉമിക്കരിയിരിപ്പുണ്ട്.അമ്മയുടെ കുട്ടു ചെന്ന് പല്ലു തേക്കുമ്പോഴേക്കും അമ്മ എല്ലാം ആക്കി വെക്കാം.അമ്മ തന്നെ മോനു വാരീം തരാം. ഏതോ പുരസ്കാരം വാങ്ങിക്കാനുള്ള ധൃതിയിൽ,സന്തോഷത്തോടെ ഞാൻ ഉമിക്കരിയെടുത്ത് പല്ലു തേച്ചു.അമ്മയുടെ താറാവ് കുഞ്ഞുങ്ങൾ വരിവരിയായി മാർച്ച് ചെയ്ത് കുലക്കടവിലേക്ക് പോകുന്നതു കണ്ടപ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത ആധിയും,ആനന്ദവും തോന്നി.രാജ്യാതിർത്തിയിൽ യുദ്ധസമയത്ത് തോക്കുമേന്തി മാർച്ച് ചെയ്യുന്ന തന്നെപ്പോലുള്ള പട്ടാളക്കാരുടെ ദുരവസ്ഥയെ ഓർമിപ്പിക്കുകയായിരുന്നു ആ താറാവ് കുട്ടങ്ങൾ.അങ്ങനെയുള്ളൊരു ആധി മനസ്സിൽ പടരുമ്പോഴും നാടിൻ്റെ നൈർമല്യത്തിൻ്റെയും,വിശുദ്ധിയുടെയും പ്രതീകമായി മാറിയ ആ താറാവ് കുട്ടങ്ങൾ മനസ്സിൽ ആനന്ദവും ഉണ്ടാക്കി.ആ താറാവ് കുട്ടങ്ങളുടെ പിന്നാലെ പണ്ടത്തെ പത്തു വയസ്സുകാരനായ അമ്മയുടെ കുട്ടുവായി ഞാനും നടന്നു.താറാവ് കുട്ടങ്ങൾ എന്നെ കുലത്തിലേക്ക് ആനയിച്ചെത്തിച്ചിരിക്കുന്നു.ഞാൻ കുളത്തിലേക്ക് എടുത്തു ചാടി.20 വയസ്സുവരെ ഞാൻ ചാടിത്തിമർത്തിരുന്ന എൻ്റെ കുളം.ഏഴ് വർഷത്തിനു ശേഷം ഇപ്പോഴും ഞാൻ നീന്തൽ മറന്നില്ല.ഹാവൂ ഭാഗ്യം.പണ്ടത്തെ കുളത്തിലെ കുളിയുടെ ഹരം എന്നിൽ കയറി.കുളികഴിഞ്ഞ് കയറവെ അമ്മയതാ തോർത്തും രാസനാദിപ്പൊടിയുമായി പുറത്ത് നിൽക്കുന്നു.അമ്മ തന്നെ തല തോർത്തിത്തന്നു.രാസനാദിപ്പൊടിയും പുരട്ടി.എന്തിനാമമ്മേ ഇത്രയും കാലമില്ലാത്ത ഈ ശീലങ്ങൾ ഇനിയെന്തിനാ.മോനു പനി വരില്ലേ. അമ്മ വികാരഭരിതയായി പറഞ്ഞു.അപ്പോഴമ്മേ ഈയൊരു മാസത്തെ അവധിക്കു ശേഷം ഞാൻ തിരികെ യുദ്ധത്തിനു പോകുമ്പോൾ ആരാണെനിക്ക് രാസനാദിപ്പൊടി തേച്ചുതരിക?അല്ലാ ആദ്യം അതു തേക്കാൻ ഈ തലയുണ്ടാകുമോ ആവോ?അമ്മ മകന്റെ വായ

രൊത്തിപ്പിടിച്ചു.അങ്ങനെയൊന്നും പറയല്ലെ മോനെ.ഒന്നും വരില്ല.എന്റെ കുട്ടീനെ ദൈവം കാക്കും. മോന് പോകാതിരുന്നൂടെ?ഒരു കല്ല്യാണമോക്കെ കഴിച്ച് കുട്ടികളൊക്കെയായിട്ട് ഇവിടെ നമുക്കൊരുമിച്ച് സുഖായിട്ട് കഴിയാം.അതെങ്ങനെയാ അമ്മേ നമ്മുടെ കുടുംബം പട്ടിണി കൂടാതെ സുഖമായിട്ട് പോകണം.അതിനീ ജോലിക്ക് പോയല്ലേ പറ്റൂ.അതിനിടയ്ക്ക് പെണ്ണും പെടക്കോഴിയൊന്നും ഇനി വേണ്ട.വാ അമ്മേ നമുക്ക് ദോശ തിന്നാം.അമ്മ അവൻ്റെ കവിളത്ത് ഒരുമ്മ കൂടുത്തിട്ട് അകത്തേക്കു കടന്നു.വിളമ്പി വെച്ച ദോശയിൽ നിന്നും ഒരു കഷണം അവനു നീട്ടി.ആ വാത്സല്യഭരിതമായ മുഹൂർത്തത്തിൽ ഒരപശകുനം പോലെ ഫോൺ ബെല്ലടിച്ചു.അവൻ ആ ഫോണെടുത്തു.പെട്ടെന്നാ മുഖത്തെ പ്രസാദവും ചിരിയും മങ്ങി കണ്ണുകൾ നിറഞ്ഞു.ഒരു യോദ്ധാവിൻ്റെ ചൊടിയോടെ അവൻ മറുപടികൾ പറഞ്ഞു.ഫോൺ താഴെ വെച്ച് തലതാഴ്ത്തി അവൻ അമ്മയുടെ അടുക്കൽ നിന്നു. അമ്മേ ഞാൻ പോകുകയാണ്. അടിയന്തിരമായി അവിടെ എത്തണമെന്ന് പറഞ്ഞു. ഒരു യുദ്ധം ഏത് നിമിഷവും ഉണ്ടാകാം. അവൻ അമ്മയുടെ കാൽക്കൽ വീണു. പോയി വരട്ടെ എന്ന് ചോദിക്കാൻ ധൈര്യമില്ല. അമ്മേ പോയി വരുമോ എന്നറിയില്ല. പോകുകയാണ്. അവൻ ധൃദിയിൽ പട്ടാളക്കാരൻ്റെ വേഷം ധരിച്ചു. പെട്ടിയെടുത്തു. മോനേ , അമ്മ വിതുമ്പുന്ന ചുണ്ടുകളോടെ വിളിച്ചു. ഭക്ഷണം കഴിച്ചിട്ട് പോകാം മോനെ. വേണ്ട അമ്മേ , ഒരു യോദ്ധാവിനു വലുത് ഭക്ഷണമോ , സ്വന്തം ജീവനോ അല്ല . രാജ്യത്തിൻ്റെ ജീവനാണ്. ഞാൻ പോകുന്നു . അവൻ അമ്മയെ തിരിഞ്ഞു നോക്കാതെ നടന്നു നീങ്ങി. തൻ്റെ മകൻ്റെ നിഴൽ അപ്രത്യക്ഷമാകും വരെ ആ അമ്മ നോക്കി നിന്നു . മേശയിൽ നിന്നും പാത്രം വീഴുന്ന ശബ്ദം കേട്ട് അമ്മഞെട്ടിത്തിരിഞ്ഞു നോക്കി.പൂച്ച മകനായി എടുത്തു വെച്ച ദോശ മുഴുവനും തട്ടിയിട്ടിരിക്കുന്നു. ചിതറിക്കിടക്കുന്ന ദോശ അമ്മയുടെ കണ്ണീരിന് ആക്കം കൂട്ടി.

മുനവർ പി.എ & ആദിൽ.വി.എൻ



**A FRIEND IS ONE SOUL ABIDING IN TWO BODIES**

by Munawar



**IF THERE IS MAGIC IN THIS PLANET,**
**IT IS CONTAINED IN WATER**

by Adhil.VN

# BY

# LITTLE KITES MEMBERS

# VPM SNDP HSS KAZHIMBRAM